# ഈ സമരം നിങ്ങൾക്കായി സമർപ്പിക്കുന്നത്...

**ഡോ. എം. കുര്യൻ തോമസ്**
drmkurianthomas@gmail.com

**ഇ**രുപത്തൊന്നാം നൂറ്റാണ്ടിന്റെ നാളിതുവരെയുള്ള നാൾവഴിയിൽ ലോകത്തിനുള്ള കേരളത്തിന്റെ ഏറ്റവും ശ്രദ്ധേയമായ സംഭാവനയാണ് "ചുബനസമരം". തൽക്കാലം മറ്റൊന്നും സംഭാവനചെയ്യാൻ കേരളത്തിനില്ലാത്തതിനാൽ ചുബനസമരത്തിന്റെ "റേറ്റിംഗ്" ഉടനൊന്നും കുറയാനിടയില്ല. അതിന്റെ നഷ്ടജാതകമോ ന്യായാന്യായങ്ങളോ അല്ല ഇവിടെ പ്രതിപാദ്യം. ചുബനസമരത്തിന്റെ ധാർമ്മികമൂല്യങ്ങളേപ്പറ്റിയുള്ള സൈദ്ധാന്തിക ചർച്ചയിൽ മൂടപ്പെട്ട അതിന്റെ മൂല കാരണത്തേക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്.

കോഴിക്കോട്ടെ ഒരു റെസ്റ്റോറന്റിൽ കമിതാക്കൾ പരസ്പരം ചുംബിക്കുന്നു എന്ന ആരോപണത്തോടെ ഒരു സംഘടന അത് അടിച്ചുതകർത്തതിനോടുള്ള വേറിട്ട പ്രതികരണം എന്ന നിലയിലാണ് ചുബനസമരം "കണ്ടുപിടിച്ചത്". തങ്ങളോടു മൽസരിക്കുന്ന മറ്റൊരു ബിസിനസുകാരന്റെ പ്രേരണയാലാണ് ടി. സംഘടന തങ്ങളുടെ സ്ഥാപനം അടിച്ചുതകർത്തതെന്നു ഉടമകൾ ആരോപിച്ചിരുന്നു. അതായത്, റെസ്റ്റോറന്റ് വിരുദ്ധ സമരം "സ്പോൺസേർഡ്" പരിപാടിയായിരുന്നെന്ന് ചുരുക്കം. ചുബനസമര കോലാഹലത്തിൽ ഈ ആരോപണം ശ്രദ്ധയാകർഷിക്കാതെ പോയി.

"സ്പോൺസേർഡ്" സമരം ഇന്ത്യയിലും കേരളത്തിലും പുതുമയൊന്നുമല്ല. പലപ്പോഴും തങ്ങൾചെയ്യുന്ന സമരത്തിന്റെ യഥാർത്ഥ പ്രചോദകരേയും "പ്രായോജകരേയും" സമരക്കാർപോലും അറിയില്ല. വ്യവസായ-വാണിജ്യ താൽപ്പര്യങ്ങളാണ് ഇത്തരം സമരങ്ങൾക്കു പിമ്പിൽ. അപൂർവം ചില വ്യക്തി വൈരാഗ്യങ്ങൾ ഒഴിവാക്കിയാൽ അന്തർദേശീയ വാണിജ്യ താൽപ്പര്യങ്ങൾപോലും പ്രാദേശിക ജനകീയ പ്രക്ഷേഭങ്ങൾക്കു പിമ്പിലുണ്ടാകും. കുടംകുളം അണുവൈദ്യുതി നിലയത്തിനെതിരെ നടന്ന സമരം അന്താരാഷ്ട്ര ഗൂഡാലോചനയാണന്ന് പ്രധാനമന്ത്രി ഉത്തരവാദിത്വത്തോടെ പ്രസ്ഥാവിച്ചതും, കർണാടകത്തിൽ അക്രമാസക്തമായ "സദാചാര സംരക്ഷണ സമരപരമ്പര" നടത്തിയ നേതാവ് "സ്പോൺസേർഡ്" സമരത്തിന് ഒളിക്യാമറായിൽ കുടുങ്ങിയതും മറക്കാറായിട്ടില്ല. എന്തിനധികം! അതിർത്തിയിൽ പെട്ടന്നുണ്ടാകുന്ന ചില ഭീകരാക്രമണങ്ങൾ മയക്കുമരുന്നു കടത്ത് സുഗമമാക്കാൻ അതിർത്തിരക്ഷാസേനയുടെ ശ്രദ്ധതിരിക്കാനുള്ള മാർഗ്ഗമാണന്നു വാർത്തകളുണ്ട്.

കണ്ണുതുറന്നു നോക്കിയാൽ ചുറ്റും നടക്കുന്ന പല ജനകീയ പ്രക്ഷേഭങ്ങളും "സ്പോൺസേർഡ്" സമരങ്ങൾ മാത്രമാണന്നു കാണാം. ഒന്നുരണ്ട് ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാട്ടാം. കേരളത്തിലെ ഒരു നഗരത്തിൽ റെയിൽവേ സ്റ്റേഷനും സ്വകാര്യ ബസ്സ്റ്റാന്റും തൊട്ടടുത്തും കെ.എസ്.ആർ.റ്റി.സി. സ്റ്റാന്റ് വളരെ ദൂരെയുമാണ്. റെയിൽവേ സ്റ്റേഷനു സമീപം നഗരസഭയ്ക്ക് സ്ഥലവുമുണ്ട്. വാർത്താ ദാരിദ്യം നേരിട്ട ഒരു അന്തിപ്പത്ര ലേഖകൻ കെ.എസ്.ആർ.റ്റി.സി. സ്റ്റാന്റ്, റെയിൽവേ സ്റ്റേഷനു സമീപത്തെ നഗരസഭാ സ്ഥലത്തേയ്ക്കു മാറ്റുന്നതായി ഒരു വാർത്ത പടച്ചുണ്ടാക്കി പ്രസിദ്ധീകരിച്ചു. തങ്ങൾക്ക് ഇത്തരമൊരു പറിച്ചുനടൽ നൽകുന്ന സൗകര്യംമൂലം യാത്രക്കാർ ഇതിനെ സ്വാഗതം ചെയ്തു. അതോടെ സ്റ്റാന്റ് മാറ്റുന്നതിനെതിരെ കെ.എസ്.ആർ.റ്റി.സി. ജീവനക്കാർ സമരവുമായി രംഗത്തെത്തി. അങ്ങനെയൊരു ആലോചനപോലും ഇല്ലന്നു ബോദ്ധ്യപ്പെടുത്തി സമരത്തിൽനിന്ന് അവരെ പിൻതിരിപ്പിക്കാൻ അധികൃതർ പെട്ടപാട് ചില്ലറയല്ല. കെ.എസ്.ആർ.റ്റി.സി. ജീവനക്കാരെ ഒരു വിധത്തിലും ബാധിക്കാത്ത ജനോപകാരപ്രദമായ ഈ മാറ്റത്തിനെതിരെയുള്ള സമരം സ്പോൺസർ ചെയ്തത് കെ.എസ്.ആർ.റ്റി.സി. സ്റ്റാന്റിനു സമീപത്തെ കച്ചവടക്കാരാണന്ന യാഥാർത്ഥ്യം പിന്നീട് പുറത്തായി.

ഏതാനും വർഷംമുമ്പ് നടന്ന "വിജയകരമായ" ഒരു ജനകീയ കൂട്ടായ്മയാണ് മറ്റൊന്ന്. ഒരു ഗ്രാമപ്രദേശത്ത് പുതുതായി ഒരു ബിവറേജസ് ചില്ലറ മദ്യ വില്പനശാല അനുവദിച്ചു. ഈ വാർത്ത പലതവണ പത്രത്തിൽ വന്നിട്ടും യാതൊരു പ്രതികണവും ഉണ്ടായില്ല. പക്ഷേ ആദ്യ ലോഡ് എത്തിയപ്പോൾ പെട്ടന്നു പ്രദേശത്തെ "മദ്യനിരോധന സമതി" ചാടിവീണ് വാഹനം തടഞ്ഞു. ചില്ലറ വില്പനശാല പൂട്ടണമെന്നതാണ് ആവശ്യം. അവരിൽ പലരുടേയും "കാല് നിലത്തുറയ്ക്കുന്നില്ലായിരുന്നെന്ന്" ദൃക്സാക്ഷികൾ. ഏതായാലും സമരം വിജയിച്ചു സംഭവം പൂട്ടി. പിന്നീടറിഞ്ഞു, സംഘടന രൂപീകരിച്ചതും ഈ സമരം സ്പോൺസർ ചെയ്തതും സമീപത്തെ ബാറുടമ!

കേരളത്തിലെതന്നെ ഒരു നഗരത്തിലെ പഴയൊരു സിനിമാ തീയേറ്റർ കോംപ്ലക്സിലേയ്ക്കുള്ള ഇടുങ്ങിയ വഴി വീതികൂട്ടുവാൻ സർക്കാരിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനെ ചില സംഘടനകൾ എതിർത്തു. സ്വകാര്യവൽക്കരണമെന്ന ഓമനപ്പേരിലാണ് എതിർപ്പ് രേഖപ്പെടുത്തിയത്. അഗ്നി സുരക്ഷയ്ക്കുപോലും അപകടകരമാംവിധം തടസ്സമായ ഈ റോഡ് മുൻസിപ്പാലിറ്റി വകയാണ്. "ജനകീയ സമരങ്ങളുടെ" വാണിജ്യ പശ്ചാത്തലത്തക്കുറിച്ചു നല്ല ഗ്രാഹ്യമുള്ള ഒരു സരസൻ ഇതിനോടു പ്രതികരിച്ചത് ആ സമരത്തിന്റെ "പ്രായോജകർ"

ഇടുങ്ങിയ തീയേറ്റർ റോഡിലെ പോക്കറ്റടിക്കാർ ആണെന്നാണ്! ഇന്നത്തെ സാഹചര്യത്തിൽ അതു ശരിയാകാൻ ഉയർന്ന സാദ്ധ്യതയുമുണ്ട്.

''സ്പോൺസേർഡ് സമരങ്ങൾ'' എപ്പോഴും തെരുവിലിറങ്ങിയുള്ള കലാപരിപാടികളാവണമെന്നില്ല. ഭൂരിപക്ഷം അവസരങ്ങളിലും അവ മാദ്ധ്യമങ്ങളെ വിലയ്ക്കെടുത്തും നീതിന്യായ വ്യവസ്ഥയെ ദുരുപയോഗം ചെയ്തുമാണ് ജനത്തെ വഞ്ചിക്കുന്നത്. കേരളതീരത്ത് ദുരന്തം വിതച്ച സുനാമി ദുരന്തത്തേത്തുടർന്ന് വ്യാജവാർത്തകൾ പ്രചരിപ്പിച്ച് കേരളത്തിലെ മൽസ്യബന്ധന-വ്യാപാര മേഖലയെ പ്രതിസന്ധിയിലാക്കിയ ഇറച്ചിക്കോഴി ലോബി തന്നെ ഉദാഹരണം. ''കൊടുത്താൽ കൊല്ലത്തും കിട്ടും'' എന്ന ന്യായേന പിന്നീട് പക്ഷിപ്പനി വന്നപ്പോൾ ഇറച്ചിക്കോഴി ലോബിക്ക് തിരിച്ചടി കിട്ടിയെന്നത് വേറേ കാര്യം. ''ജയിൽ ചപ്പാത്തിയും ചിക്കൻ കറിയും'' കുറഞ്ഞ വിലയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളജിന്റെ പരിസരത്ത് വിൽപ്പന നടത്തിയപ്പോൾ അതു നിരോധിക്കണമെന്ന് ആവശ്യപ്പെട്ട ഒരു സംഘടന കേരളത്തിലുണ്ട്! കാരണം, സർക്കാർ അനുശാസിക്കുന്ന മിനിമം വേതനം അവ ഉണ്ടാക്കുന്ന ജയിൽപ്പുള്ളികൾക്ക് നൽകുന്നില്ല! പാവപ്പെട്ടവന്റെയും രാത്രി യാത്രക്കാരുടേയും ആശ്രയമായ തട്ടുകടകൾ നിരോധിക്കണമെന്നു നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതും ഇതേ സംഘടന തന്നെയാണ്. അതിനു കാരണം, ആദ്യം, സാമൂഹ്യ വിരുദ്ധർ അവിടെ തമ്പടിക്കുന്നു! പിന്നീട്, ഇവർ ഭക്ഷ്യ സുരക്ഷാ നിയമം പാലിക്കുന്നില്ല! ലക്ഷ്യം വ്യക്തം! പരാതിക്കാർ ഇവയിൽ ഏതെങ്കിലും നിയമം പാലിക്കുന്നുണ്ടോ എന്നത് ചിന്തനീയം!

വാണിജ്യ ലക്ഷ്യങ്ങളോടെ പ്രതിവർഷ സ്പോൺസേർഡ് സമരങ്ങളും കേരളത്തിൽ അരങ്ങേറുന്നുണ്ട്. അവ ആരും തിരിച്ചറിയുന്നില്ലന്നുമാത്രം. ഈ ലേഖകന്റെ ചെറുകിട ഏലം കർഷകനായ ഒരു സുഹൃത്തിന്റെ ഭാഷ്യത്തിൽ, വില്പന സീസണാകുമ്പോൾ ഏലം ഹൃദയഭൂമിയായ ഇടുക്കിയിലെ ഉടുമ്പുംചോല താലൂക്കിൽ ഏതെങ്കിലും തീവ്രസമരം അരങ്ങേറും. മുല്ലപ്പെരിയാർ, ഗാഡ്ഗിൽ, കസ്തൂരീരംഗൻ, ജയലളിത ... വിഷയം എന്തുമാകാം. ആത്യന്തികഫലം - വിപണി തകരും. ഇടനിലക്കാർ ചുരുങ്ങിയ വിലയ്ക്ക് എല്ലാ വർഷവും ഏലവുമായി പോകും. നഷ്ടം കർഷകന്!

ജനകീയ സമരങ്ങൾ ഇന്ന് അത്യന്തം ലാഭകരമായ ഒരു ബിസിനസാണ്. നിഴലിൽനിന്നു കളിക്കുന്നവർ വ്യക്തിപരമായ കണക്കു തീർക്കലുകൾക്ക് ശിഖണ്ഡിയാക്കി മുമ്പിൽ നിർത്തുന്നവൻ നാലുദിവസം കഴിയുമ്പോൾ ''മനുഷ്യാവകാശ പ്രവർത്തകനായി'' അവതരിക്കും! കല്ല്, മണൽ, മണ്ണ് കടത്ത് സജീവമായതോടുകൂടി കേരളത്തിൽ ''പരിസ്ഥിതി സംരക്ഷണ പ്രവർത്തനവും'' കോടികൾ മറിയുന്ന ബിസിനസായി മാറി! ഈയടുത്ത സമയം ദേശീയ പാതയിലൂടെ റെയിൽവേയ്ക്ക് മണ്ണ് കൊണ്ടുപോകുന്നതിന് കോൺട്രാക്ടറോട് ഒരു കവലയിലെ ഓട്ടോ ഡ്രൈവർമാർ - അല്ലങ്കിൽ അവരുടെ പേരിൽ - ആവശ്യപ്പെട്ടത് 25,000 രൂപ! കാരണം ഉദാത്തം! - പൊടി പറക്കുന്നു! മാഫിയാകൾ തഴച്ചുവളരാൻ ഇനി വേറെ കാരണം അന്വേഷിക്കേണ്ടതില്ല.

സമീപകാല കേരള രാഷ്ട്രീയത്തിൽ തിളച്ചുമറിഞ്ഞ ''സോളാർ തട്ടിപ്പ്-അഴിമതി'' വിവാദത്തിന്റെ യാഥാർത്ഥ്യം എന്തായാലും അത് മലയാളി മനസ്സിൽ സൗരോർജ്ജോപയോഗത്തെ സംശയാസ്പദമായി വീക്ഷിക്കുന്ന ഒരു മനോഭാവം വളർത്തിയെടുത്തു എന്നത് വാസ്തവമാണ്. അതിനവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. പക്ഷേ ഈ വിവാദ പരമ്പര, പാരമ്പര്യേതര ഊർജ്ജസ്രോതസുകളുടെ ഉപഭോഗ വിഷയത്തിൽ കേരളത്തെ പത്തുകൊല്ലമെങ്കിലും പിറകോട്ടടിച്ചു എന്നത് യാഥാർത്ഥ്യമാണ്. അതായത്, മലയാളി സൗരോർജ്ജത്തെ ആശ്രയിച്ചാൽ വിപണി നഷ്ടപ്പെടുന്ന ഉൽപ്പന്നങ്ങളുടെ കച്ചവടം കുറഞ്ഞത് ഒരു ദശവർഷക്കാലംകൂടി നീട്ടിക്കിട്ടി. ശതകോടികളുടെ ബിസിനസാണിത്. ശേഷം ചിന്ത്യം.

ഇന്ത്യയിലെ ശക്തമായ നീതിന്യായ സംവിധാനംപോലും ഈ കച്ചവടത്തിൽ മനസറിയാതെ ബലിയാടാവുന്നുണ്ട്. പൊതുതാൽപര്യഹർജിയുടെ ദുരുപയോഗമാണ് അവിടെ ഉപയോഗിക്കുന്നത്. കൊച്ചി മെട്രോ, വിഴിഞ്ഞം വിഷയങ്ങളിൽ ബഹു. കേരളാ ഹൈക്കോടതി ശക്തമായ നിലപാടെടുത്തത് ഈ വിഷയത്തിൽ ശുഭോദോർക്കമായ ഒരു നടപടിയാണ്. പക്ഷേ, ഇന്ത്യയിലെ അതി പ്രമുഖനായ ഒരു അഭിഭാഷകൻ വാണിജ്യ താൽപ്പര്യമുള്ള പൊതുതാൽപര്യഹർജികളുടെ ദുരുപയോഗത്തിലൂടെ കോടികൾ സമ്പാദിച്ചെന്ന സമീപകാല ആരോപണം ജുഡീഷ്യറി ഈ വിഷയത്തിൽ ഇനിയും വളരെയേറെ കർശന നിലപാടിലേയ്ക്കു പോകണമെന്നുള്ളതിന്റെ ചൂണ്ടുപലകയാണ്.

യഥാർത്ഥ ജനകീയ പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോവുകയും അവയ്ക്കായുള്ള സമരങ്ങൾ അവഗണിക്കപ്പെടുകയും ചെയ്യുമെന്നതാണ് പ്രോഫഷണൽ മികവോടെ ആവിഷ്ക്കരിക്കുന്ന ''സ്പോൺസേർഡ് ജനകീയ പ്രക്ഷോഭങ്ങൾ'' മൂലമുള്ള ഏറ്റവും വലിയ തിക്തഫലം. വാർത്താ പ്രബുദ്ധതയുള്ള മലയാളി ഇത്തരം സ്പോൺസർഷിപ്പ് മനസിലാക്കുന്നതിനാൽ ജനകീയ മുന്നേറ്റങ്ങളെ ഇന്ന് അവജ്ഞയോടെയാണ് വീക്ഷിക്കുന്നത്. നഷ്ടം കഷ്ടമനുഭവിക്കുന്ന സാധാരണക്കാരനും.

*വാൽക്കഷണം* - ആപ്പിൾ ഐപാഡും, മൈക്രോസോഫ്റ്റ് വിൻഡോസ് ലോഡ് ചെയ്ത ഐബിഎം ലാപ്ടോപ്പും, പോക്കറ്റിൽ ഷിഫേഴ്സിന്റെ പേനയുമായി ബോയിംഗ് വിമാനത്തിൽ പറന്നിറങ്ങി ''അമേരിക്കൻ ഉൽപ്പന്നങ്ങൾ ബഹിഷ്ക്കരിക്കുക'' എന്ന് ആഹ്വാനം ചെയ്യുന്നവർക്ക് കൈയ്യടിക്കാൻ ആളുള്ള കേരളത്തിൽ ഇതും ഇതിലപ്പുറവും സംഭവിക്കും.

(*സാമൂഹ്യനീതി* - ജൂൺ 2015)